പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 450** **19.03.2013 -ലെ മറുപടി**

**ഡീസൽ വില വർദ്ധനവുമൂലം കെ.എസ്.ആർ.ടി.സി. നേരിടുന്ന പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. തിലോത്തമൻ | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) | |
| (എ) | ഡീസൽ സബ്സിഡി പിൻവലിച്ചതു മൂലം കെ.എസ്.ആർ.ടി.സി വൻപ്രതിസന്ധിയെ നേരിടുകയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രതിസന്ധി പരിഹരിക്കുവാനും ജനങ്ങൾക്ക് ഉണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുവാനും എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രതിസന്ധി താൽക്കാലികമായി പരിഹരിക്കുവാനായി സർക്കാർ 28 കോടി രൂപ കെ.എസ്.ആർ.ടി.സി.ക്ക് അനുവദിച്ചിട്ടുണ്ട്. എന്നിരുന്നാലും ശാശ്വതമായ പരിഹാരം ഇക്കാര്യത്തിൽ അടിയന്തിരമായി ഉണ്ടാകേണ്ടിയിരിക്കുന്നു. ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഇക്കാര്യം പരിശോധിക്കുന്നതിനും ശുപാർശകൾ സമർപ്പിക്കുന്നതിനുമായി ഒരു കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മറ്റിയുടെ റിപ്പോർട്ടിലെ ശുപാർശകൾ അനുസരിച്ച് നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | കെ.എസ്.ആർ.ടി.സി.യെ ഡീസൽ സബ്സിഡി നൽകുന്നതിൽ നിന്നും ഒഴിവാക്കിയിരിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് വിവിധ ഭാഗങ്ങളിൽ നിലവിലുള്ള സഹകരണ മോട്ടോർ വാഹന സ്ഥാപനങ്ങളെ പുനരുജ്ജീവിപ്പിക്കുവാനും കൂടുതൽ ആനുകൂല്യങ്ങളും സാമ്പത്തിക സഹായങ്ങളും നൽകി, പുതിയ ബസ്സ് റൂട്ടുകൾ അനുവദിച്ച് സഹകരണ മോട്ടോർ വാഹന സ്ഥാപനങ്ങളുടെ സഹായത്തോടെ യാത്രാക്ലേശം പരിഹരിക്കുവാനും നിലവിലുണ്ടായിരിക്കുന്ന പ്രതിസന്ധിയെ തരണം ചെയ്യാനും നടപടി സ്വീകരിക്കുമോ? | (ബി) | ഡീസലിനുള്ള സബ്സിഡി എടുത്തു കളഞ്ഞതുമൂലം കെ.എസ്.ആർ.ടി.സി സാമ്പത്തിക പ്രതിസന്ധി നേരിടുന്നുവെങ്കിലും സർവ്വീസുകളൊന്നും തന്നെ ഇക്കാരണത്താൽ വെട്ടിക്കുറച്ചിട്ടില്ല. അതുകൊണ്ടു തന്നെ സഹകരണ മോട്ടോർ വാഹന സ്ഥാപനങ്ങളെ പുനരുജ്ജീവിപ്പിച്ച് പുതിയ ബസ് റൂട്ടുകൾ അവർക്ക് അനുവദിക്കേണ്ട സാഹചര്യം ഉണ്ടെന്ന് കരുതുന്നില്ല. |

സെക്ഷൻ ഓഫീസർ